LIBRARY ARCHIVES Kerala Legislative Assembly

അടിമാലിയിൽ അമ്മയും കുഞ്ഞും ആശുപത്രി

169 (3196) ശ്രീ. എ. രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ അമ്മയും കുഞ്ഞും ആശുപത്രി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) 17-8-2015-ലെ സർക്കാർ ഉത്തരവ് (സാധാ) 2644/2015/ആ.കു.വ പ്രകാരം അടിമാലിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്നതിന് 4.50 കോടി രൂപ അനുവദിച്ചിരുന്നു. അടിമാലി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മച്ചിപ്ലാവ് എന്ന സ്ഥലത്ത് റീസർവ്വേ നമ്പർ 503/1-1-ൽപ്പെട്ട 40.95 ആർ വസ്തുവും, 503/3-2-ൽപ്പെട്ട 16.56 ആർ വസ്തുവും 503/3-1-ൽപ്പെട്ട 03.22 ആർ വസ്തുവും ഉൾപ്പെടെ ഒരു ഏക്കർ അൻപത് സെന്റ് സ്ഥലവും ആരോഗ്യ വകുപ്പിന് 2018-ൽ കൈമാറിയിട്ടുണ്ട്. ഒന്നാംഘട്ട നിർമ്മാണത്തിന് 4.5 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഫണ്ട് അലോക്കേറ്റ് ചെയ്തതിന് കാലതാമസം നേരിട്ടതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാതെ വരികയും Cost Index മാറുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം 14.71 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് Phase-I, Phase- II ആയി തിരിച്ച് Phase-I-ൽ നിലവിൽ സ്ഥലം ലഭിച്ചതനുസരിച്ച് 450 ലക്ഷം രൂപയിൽ നിജപ്പെടുത്തി 2015-ലെ സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കണ്ടറ മണ്ഡലത്തിലെ ആശുപത്രികൾ

170 (3197) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടറ നിയോജകമണ്ഡലത്തിൽ വകുപ്പിന് കീഴിലുള്ള ഏതൊക്കെ ആശുപത്രികളുടെ നിർമ്മാണപ്രവൃത്തികളാണ് നിലവിൽ നടന്നു കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കണ്ടറ നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്ത

പി.എച്ച്.സി. പേരയം, പി.എച്ച്.സി. തൃക്കോവിൽവട്ടം എന്നീ സ്ഥാപനങ്ങളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ കിഫ്ബി പദ്ധതി പ്രകാരം കൊണ്ടറ താലൂക്കാശുപത്രിയിൽ 76.13 കോടി (എഴുപത്തി ആറ് കോടി പതിമൂന്ന് ലക്ഷം രൂപ) രൂപയുടെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതിയും 35.36 കോടി (മുപ്പത്തി അഞ്ച് കോടി മുപ്പത്തി ആറ് ലക്ഷം രൂപ) രൂപയുടെ സാമ്പത്തികാനുമതിയും നല്കിയിട്ടുണ്ട്. കൊണ്ടറ നിയോജകമണ്ഡലത്തിൽ പെരിനാട് സർക്കാർ ആയുർവേദ ഡിസ്പെൻസറിക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഫണ്ട് (198 ലക്ഷം രൂപ) ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടന്നുവരുന്നു.

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തതിട്ടുള്ളതും കരാർ ചെയ്തതിട്ടുള്ളതുമായ പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്ന് തരം തിരിച്ച് അറിയിക്കുമോ?

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	തുക (ലക്ഷം) (ഭരണാനുമതി)	നിലവിലെ സ്ഥിതി
1	പി.എച്ച്.സി. എലംപല്ലൂരിനെ എഫ്.എച്ച്.സി. ആക്കി മാറ്റുന്ന പ്രവൃത്തി	15.15	നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു
2	പി.എച്ച്.സി. പേരയത്തെ എഫ്.എച്ച്.സി. ആക്കി മാറ്റുന്ന പ്രവൃത്തി	20.57	ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.
3	പി.എച്ച്.സി. പെരിനാടിനെ എഫ്.എച്ച്.സി. ആക്കി മാറ്റുന്ന പ്രവൃത്തി	17.05	ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.
4	സബ് സെന്റർ പെരുംപുഴയെ എച്ച്. ആൻഡ് ഡബ്ല്യു.സി. ആക്കി മാറ്റുന്ന പ്രവൃത്തി	7.01	ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.
5	സി.എച്ച്.സി. നെടുപനയെ ബ്ലോക്ക് ലെവൽ എഫ്.എച്ച്.സി. ആക്കി മാറ്റുന്ന പ്രവൃത്തി	37.50	ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

KASH സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്തുന്നതിനായി വകുപ്പിലെ പ്ലാൻ ഫണ്ട് മുഖേന 2020-21 സാമ്പത്തിക വർഷം നിർമ്മാണ പ്രവൃത്തികൾക്കായി കണ്ണനല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ആയുർവേദ ഡിസ്പൻസറിക്ക് 5,02,000 രൂപയുടേയും കൊറ്റങ്കരം സർക്കാർ ആയുർവേദ ഡിസ്പെൻസറിക്ക് 4,73,000 രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ വകുപ്പിന് കീഴിലുള്ള വിവിധ ആശുപത്രികളിൽ ജീവനക്കാരുടെ അനുവദിക്കപ്പെട്ട അംഗബലം, നിലവിലുള്ള ജീവനക്കാരുടെ എണ്ണം, വിവിധ തസ്തികകളിലെ ഒഴിവുകൾ, എന്നിവ സംബന്ധിച്ച വിവരം ഓരോ ആശുപത്രി തിരിച്ച് നൽകാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

നിലമ്പൂർ ജില്ലാ ആശുപത്രിയിലെ 'വിമുക്തി' കേന്ദ്രം

171 (3198) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സ നടത്തുന്നുണ്ടോ; കിടത്തി ചികിത്സ നിർത്തി വച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കോവിഡ്-കോവിഡേതര ചികിത്സയ്ക്ക് വരുന്ന രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും ഒരു വാർഡ് കോവിഡ് വാർഡാക്കി മാറ്റിയതിനാലും പ്രസവാനന്തരം അഡ്മിറ്റാക്കേണ്ട സ്ത്രീകളെ ഉൾക്കൊള്ളാൻ സാധിക്കാത്തതിനാലും വിമുക്തിയിലെ ഐ.പി. വിഭാഗം ബെഡ്ഡുകൾ താൽക്കാലികമായി പ്രസവാനന്തര ചികിത്സക്ക് ഉപയോഗിക്കേണ്ടി വന്നതുകൊണ്ടാണ് 'വിമുക്തി' ലഹരി വിമുക്ത കേന്ദ്രത്തിൽ കിടത്തി ചികിത്സ ഇല്ലാത്തത്.

(ബി) ആഴ്ചയിൽ എത്ര ദിവസമാണ് വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഔട്ട് പേഷ്യന്റ് വിഭാഗം പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; കിടത്തി ചികിത്സ ആവശ്യമായ രോഗികൾക്ക് ഇപ്പോൾ എപ്രകാരമാണ് ചികിത്സ നൽകുന്നതെന്ന് വിശദമാക്കാമോ?

ആഴ്ചയിൽ മൂന്ന് ദിവസമാണ് വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നത്. വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ സ്ഥിരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly